കൂടാതെ ജില്ലാ സംസ്ഥാനതല മത്സരങ്ങളിലെ വ്യക്തിഗത ചാമ്പ്യൻമാരായ പെൺകുട്ടിക്കും, ആൺകുട്ടിക്കും സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നു. മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന ആൺകുട്ടിക്ക് "കലാപ്രതിഭ" സ്ഥാനവും പെൺകുട്ടിക്ക് "കലാതിലകം" എന്ന സ്ഥാനവും നൽകുന്നു. ഇവർക്കു ഇനിഷെറ പേരിൽ 10 ഗ്രാം വീതം തൂക്കമുള്ള സ്വർണ്ണമെഡലുകളും സമ്മാനിക്കുന്നു. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾക്കു പുറമേ പങ്കെടുക്കുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകളും നൽകിവരുന്നു.

ഈ വർഷം മുതൽ ഒന്നാം സ്ഥാനക്കാരായ ജില്ലയ്ക്ക് 101 പവൻ തൂക്കമുള്ള സ്വർണ്ണ ട്രോഫി (Education Miniter's Gold Trophy) നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിർദ്ധനരായ കലാ പ്രതിഭകൾക്കു പരിശീലനം നൽകുന്നതിനും പ്രോത്സാഹനമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഷാജു എന്ന കുരുന്നു പ്രതിഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 20,936 രൂപ വീട് നിർമ്മിക്കുന്നതിനും വിദ്യാഭ്യാസ ചിലവുകൾക്കുമായി നൽകി.

(ബി) ഉണ്ട്.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

* 375. [403] ശ്രീ. കൊലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. മൂസ്സക്കുട്ടി :
,, വർക്കല രാധാകൃഷ്ണൻ :
,, ഒ. രേതൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ നടത്തുന്നത് ;

(സി) ഏതെല്ലാം വർക്കുകളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഇതിൽ വിദേശ രാജ്യങ്ങളിലെ ഏതെങ്കിലും പണി ഏറ്റെടുത്തിട്ടുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) 1975-ൽ

(ബി) സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ മുതലായവയുടെ കെട്ടിടം പണിയും കൂടാതെ പാലങ്ങളുടെ പണിയുമാണ് പ്രധാനമായും ഏറ്റെടുത്ത് നടത്തുന്നത്.

(സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(ഡി) ഇല്ല.

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly